ഹദീസ്

**പി.എ സൈനുദ്ദീൻ**
sainpanachikkal@gmail.com

# മരണവും ദാരിദ്ര്യവും അനുഗ്രഹമാവുമ്പോൾ

عَنْ مَحْمُود بِن لَبِيد رَضِيَ الله عَنْهُما انَّ النَّبِيَّ صَلَّى الله عَلَيْه وَسَلَّمَ قَالَ : إِثْنَتَانِ يَكْرَهُهُمَا ابْنُ آدم :
يَكْرَهُ الْمَوْتَ وَالْمَوْتُ خَيْرٌ لِلْمُؤْمِنِ مِنَ الْفِتْنَةِ ، وَيَكْرَهُ قِلَّةَ الْمَالِ وَقِلَّةُ الْمَالِ أَقَلُّ لِلْحِسَابِ (رواه أحمد)

**മഹ്മൂദു ബ്നു ലബീദിൽനിന്ന്. നബി (സ) പറഞ്ഞു: 'രണ്ടു കാര്യങ്ങൾ ആദമിന്റെ സന്തതി വെറുക്കുന്നു: ഒന്ന്, മരണത്തെ അവൻ ഭയപ്പെടുന്നു. പക്ഷേ ഫിത്‌നയേക്കാൾ മരണമായിരിക്കും അപ്പോൾ വിശ്വാസിക്ക് ഉത്തമം. രണ്ട്, അവൻ സാമ്പത്തിക ഞെരുക്കത്തെ ഭയപ്പെടുന്നു. എന്നാൽ സാമ്പത്തിക ഞെരുക്കമായിരിക്കും പരലോകത്തെ വിചാരണയേക്കാൾ അവന് ലഘുവായത് (അഹ്മദ് ഉദ്ധരിച്ച 'ഹസൻ' ആയ ഹദീസ്).**

ഈ ലോകത്ത് മനുഷ്യരായി പിറന്നവരെല്ലാം ദീർഘായുസ്സും സാമ്പത്തികമായ ഉന്നമനവും കൊതിക്കുന്നു. രണ്ട് തലത്തിലാണെങ്കിലും വിശ്വാസിയും അവിശ്വാസിയും ഇക്കാര്യത്തിൽ ഒരേ നിലപാടുകാരാണ്. ഒരു വിശ്വാസി മരണം ആഗ്രഹിക്കരുതെന്ന് പ്രവാചകൻ പറഞ്ഞിട്ടുണ്ട്. ജീവിതത്തിൽ അസഹനീയമാംവിധം പ്രയാസപ്പെടുമ്പോൾ, 'രക്ഷിതാവേ, ജീവിതം നന്മയായിരിക്കുവോളം എന്നെ ജീവിപ്പിക്കുകയും ജീവിതം ദുർഘടമായിരിക്കുമ്പോൾ എന്നെ മരിപ്പിക്കുകയും ചെയ്യേണമേ' എന്നു പ്രാർഥിക്കാനേ അനുവാദമുള്ളൂ. സ്വയംകൃതാനർഥങ്ങളിലൂടെ ജീവിതം നരകതുല്യമാക്കി ആത്മഹത്യയിലൂടെ ഒളിച്ചോടുന്നവർ, ദുൻയാവ് നഷ്ടപ്പെടുത്തുന്നതുപോലെ പരലോകജീവിതവും പാഴാക്കുകയാണ്. അവർക്ക് നരകശിക്ഷ ഏറ്റുവാങ്ങേണ്ടിവരുന്നു.

മരണശേഷം ഒന്നും പ്രതീക്ഷിക്കാനില്ലെന്ന് വിശ്വസിക്കുന്ന ദൈവനിഷേധികളും അനിസ്‌ലാമിക ജീവിതം നയിക്കുന്നവരും മരണത്തെ വല്ലാതെ ഭയപ്പെടുന്നുണ്ട്. വരാൻ പോകുന്ന ദുരന്തങ്ങളെയോർത്ത് വ്യാകുലപ്പെടാതെ പരമാവധി അവർ ദുൻയാവിനെ ദുരുപയോഗം ചെയ്ത് ജീവിക്കുന്നു.

ഏതു സാഹചര്യത്തിലാണെങ്കിലും സന്തോഷത്തോടെ മരണം വരിക്കാൻ ആഗ്രഹിക്കുന്നവരാണ് യഥാർഥ വിശ്വാസികൾ. ഏതു സമയത്തും സർവശക്തനെ കണ്ടുമുട്ടാൻ അവർ ഒരുക്കമാണ്. മാത്രമല്ല, തനിക്കു ചുറ്റും ഫിത്‌ന വ്യാപിച്ചുകൊണ്ടിരിക്കുമ്പോൾ അവർ വല്ലാതെ അസ്വസ്ഥരാവും. അതിൽ പെട്ടുപോകാതിരിക്കാൻ സർവശക്തനോട് നിരന്തരമായി പ്രാർഥിക്കും. ഫിത്‌നയിൽപെട്ടുപോകുമെന്ന ഭയത്താൽ മരണം വന്നെങ്കിൽ എന്ന് അവർ ആഗ്രഹിച്ചുപോകും. ഈ നബിവചനത്തിൽ പറയുന്ന ഒന്നാമത്തെ കാര്യം അതാണ്. അല്ലാഹു നൽകിയ ജീവൻ അവൻ തിരിച്ചെടുത്തിട്ടാണെങ്കിലും ഭൗതിക ജീവിതത്തിലെ കുഴപ്പങ്ങളിലും കഠിനപരീക്ഷണങ്ങളിലും എത്തിപ്പെടാതിരിക്കാൻ അവർ ആഗ്രഹിക്കുന്നു. 'രാവിലെ വിശ്വാസിയായവൻ വൈകുന്നേരം നിഷേധിയാകുന്ന ഒരു കാലത്തെ കരുതിയിരിക്കുവിൻ' എന്ന് റസൂൽ കരീം(സ) മുന്നറിയിപ്പ് നൽകുന്നുണ്ടല്ലോ. സത്യവിശ്വാസികൾ അപമൃത്യുവിന് ഇരയാകുന്നത് ഒരുവേള അനുഗ്രഹമായിരിക്കാമെന്ന് ഈ ഹദീസിനെ മുൻനിർത്തി വായിക്കുന്നവരുണ്ട്. 'ഫിത്‌ന' എന്നതു കൊണ്ടുദ്ദേശിക്കുന്നത് ദൈവികമായ ഭൗതികശിക്ഷകൾ, അസഹനീയമായ സാമൂഹിക തിന്മകൾ തുടങ്ങിയവയാണെന്ന് ഇമാം റാഗിബ് അഭിപ്രായപ്പെടുന്നു. സമൂഹത്തിൽ ഫിത്‌ന വ്യാപിക്കുന്നതു കണ്ടാൽ അതിൽപെടുന്നതിനു മുമ്പ് തന്നെ തിരിച്ചുവിളിക്കേണമേ എന്ന് അല്ലാഹുവിനോട് പ്രാർഥിക്കുന്നതിന് തടസ്സില്ലെന്ന് നബി തിരുമേനി അരുൾ ചെയ്തിട്ടുണ്ട്.

തിരുവചനത്തിൽ പറയുന്ന രണ്ടാമത്തെ കാര്യം സമ്പത്ത് കുറയുന്നത് മനുഷ്യൻ ഇഷ്ടപ്പെടുകയില്ല എന്നതാണ്. സമ്പത്ത് വർധിക്കണമെന്ന ആഗ്രഹം ഒരിക്കലും തെറ്റല്ല, ജീവിതത്തെ നല്ലവഴിയിൽ നടത്താൻ സാമ്പത്തിക സുസ്ഥിതി അനിവാര്യവുമാണ്. ഒരുപാട് സമ്പത്തുണ്ടാവുകയും ക്രയവിക്രയങ്ങളിൽ വീഴ്ചകളൊന്നുമില്ലാതിരിക്കുകയും ചെയ്താൽപോലും അന്ത്യനാളിൽ അവൻ നേരിടേണ്ടിവരുന്ന വിചാരണയുടെ സമയം ദീർഘിക്കും. എങ്ങനെ പണം ചെലവഴിച്ചുവെന്ന് കൃത്യമായി മറുപടി പറയേണ്ടി വരും. പണം ധാരാളമുണ്ടാവുക എന്നത് അപ്പോൾ വലിയൊരു ബാധ്യതയായിത്തീരും. അതിനാൽ പണം കുറഞ്ഞുപോവുക എന്നത് അന്ത്യനാളിൽ ആശ്വാസത്തിന് കാരണമായിത്തീരുമെന്ന് പഠിപ്പിക്കുകയാണ് അന്ത്യപ്രവാചകൻ. അന്ത്യനാളിൽ വളരെയെളുപ്പം വിചാരണ നടത്തപ്പെട്ട് തന്റെ ഭാഗധേയം നിർണയിക്കപ്പെടാൻ ആഗ്രഹിക്കാത്തവരായി ആരുണ്ട് വിശ്വാസികളിൽ! ഏറ്റവും കൂടുതൽ അവിഹിത ഇടപാടുകൾ നടക്കാൻ സാധ്യതയുള്ളതാണ് സാമ്പത്തികരംഗം. ദരിദ്രരായ വിശ്വാസികൾ എളുപ്പം വിചാരണ നടത്തപ്പെട്ട് സ്വർഗത്തിൽ പ്രവേശിക്കുമെന്ന് നബി(സ) സന്തോഷവാർത്ത അറിയിക്കുകയാണ്. മറ്റൊരിക്കൽ റസൂൽ(സ) പറഞ്ഞു: 'നിങ്ങൾക്ക് ദാരിദ്ര്യം ഉണ്ടാകുന്നതിനെ ഞാൻ ഭയക്കുന്നില്ല. നിങ്ങൾക്കു മുമ്പുള്ളവരെപ്പോലെ നിങ്ങളും നൽകപ്പെട്ടിരിക്കുന്ന ഭൗതിക സുഖസൗകര്യങ്ങളിൽ ആകൃഷ്ടരായി നശിച്ചുപോകുന്നതിനെയാണ് ഞാൻ ഭയപ്പെടുന്നത്.'

വിശ്വാസിക്ക് സംഭവിക്കുന്ന ആകസ്മിക മരണമോ സാമ്പത്തിക തകർച്ചയോ ഒന്നും ദൈവ കോപമല്ലെന്നും രക്ഷിതാവിന്റെ യുക്തിപൂർണമായ ഇടപെടൽ മാത്രമാണെന്നും മനസ്സിലാക്കാം. ●